കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമങ്കരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-10/164/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-10/164/2022 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2022 | 10-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2022 | 10-01-2022 |
| 03-01-2022 | 10-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീദേവി . പി,ഓഡിറ്റ് ഓഫീസർ
രാജീവ്. ആർ , സീനിയർ ഗ്രേഡ് , ഓഡിറ്റർ
സിജി പി ജോൺ , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മഞ്ജു .ഡി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| രാജേന്ദ്രകുമാർ . | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| സജി . വി. എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിവേക് .ബി | വെറ്ററിനറി സർജൻ | 01-04-2020 | 17-06-2020 |
| വിബിൻ .വി | വെറ്ററിനറി സർജൻ | 18-06-2020 | 31-03-2021 |
| ആതിര എസ്. കുറുപ്പ് | വി.ഇ.ഒ , രാമങ്കരി | 01-04-2020 | 04-11-2020 |
| സീന .ജി.തങ്കപ്പൻ | വി.ഇ.ഒ , രാമങ്കരി | 05-11-2020 | 31-03-2021 |
| പ്രസീത . വി | വി.ഇ.ഒ , വേഴപ്ര | 01-04-2020 | 31-03-2021 |
| ലില്ലിക്കുട്ടി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു . ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| അനിൽകുമാർ . ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ചിന്ന ദുരൈ എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. പൂർണിമ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 05-05-2020 |
| ഡോ. വിനോദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 06-05-2020 | 31-03-2021 |
| റോസമ്മ റോയി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജെസി വർഗ്ഗീസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഉദയകുമാർ | ഹെഡ് മാസ്റ്റർ, വേഴപ്ര യു..പി.എസ് | 01-04-2020 | 16-06-2020 |
| മോളിക്കുട്ടി | ഹെഡ് മിസ്റ്ററസ്, വേഴപ്ര യു..പി.എസ് | 17-06-2020 | 31-03-2021 |
| സിനി .എസ്. നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി -12-11-20 മുതൽ 20-12-20 വരെ

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക – മറ്റ് അപാകതകള്<br>Written By: Rajeev.R (Senior Grade Auditor, On 09-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം ACR പ്രകാരം<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-01-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-9 |
| 12 | ഡി.&ഒ. ലൈസൻസ് പരിശോധന – അപാകതകൾ<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-10 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 11-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-11 |
| 14 | സ്ട്രീറ്റ് ലൈറ്റുകൾ - പഞ്ചായത്തിൽ വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നില്ല<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-12 |
| 15 | തദ്ദേശ തെരഞ്ഞെടുപ്പ് - രസീത് ഇല്ലാതെ ഡെപ്പോസിറ്റ് തുക തിരികെ നല്കിയത് സംബന്ധിച്ച്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-13 |
| 16 | ശ്രീ. അജയൻ, സീനിയർ ക്ലർക്കിന് ശമ്പള കുടിശ്ശിക നല്കിയതിലെ അപാകതകൾ - തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-14 |

| | | |
|---|---|---|
| 17 | ശ്രീമതി. മഞ്ജുശ്രീ.കെ., സീനിയർ ക്ലർക്ക്- പ്രമോഷൻ തീയതി പുന:ക്രമീകരിച്ചതനുസരിച്ച് ശമ്പള നിർണ്ണയം നടത്താത്തത് സംബന്ധിച്ച്.<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-15 |
| 18 | ഡാറ്റാ എൻട്രി നടത്തിയതിന് അധികം തുക നല്കി- തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-16 |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റി - തുക തിരികെ അടവാക്കിയില്ല<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-17 |
| 20 | ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പർ പതിക്കൽ - വേതനം നല്കിയത്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-18 |
| 21 | സംയുക്തപരിശോധന നടത്തുന്നില്ല- ഭീമമായ തുക വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നു<br>Written By: P. Sreedevi (Audit Officer, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-19 |
| 22 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹമായ തുക നൽകുന്നില്ല<br>Written By: P. Sreedevi (Audit Officer, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-20 |
| 23 | സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി വാട്ടർ അതോറിട്ടിയെ ഏൽപ്പിച്ച വിവിധ ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല--880000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-21(a) |
| 24 | അനർഹയായ ഗുണഭോക്താവിന് ധനസഹായം നല്കി<br>Written By: Rajeev.R (Senior Grade Auditor, On 11-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-22 |
| 25 | ഇ- ടെന്റർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-01-2022) | 1-23 |
| 26 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-24 |
| 27 | ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തിക്ക് GST കൂടുതലായി അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-01-2022) | 1-25 |
| 28 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-26 |
| 29 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-27 |
| 30 | GST ഈടാക്കിയതിൽ കുറവ്<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-28 |

| | | |
|---|---|---|
| 31 | കരാറുകാരിൽ നിന്നുംആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-29 |
| 32 | മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത അളവ് രേഖപ്പെടുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-30 |
| 33 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം<br>Written By: P. Sreedevi (Audit Officer, On 13-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ശ്രീ.അജയൻ, സീനിയർ ക്ലർക്കിന് ശമ്പള കുടിശ്ശിക നല്കിയതിലെ അപാകതകൾ - 47222/- രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-1 |
| 2 | ഡാറ്റാ എൻട്രി നടത്തിയതിന് അധികം തുക നല്കി- തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Siji (Auditor, On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-2 |
| 3 | അനർഹരായ ഗുണഭോക്താവിന് ധനസഹായം നല്കി<br>Written By: Rajeev.R (Senior Grade Auditor, On 11-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-3 |
| 4 | GST ഈടാക്കിയതിൽ കുറവ്<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-4 |
| 5 | കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-5 |
| 6 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 3-6 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-01-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| | Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.Suresh (Audit Officer (HG), On 12-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S.Suresh (Audit Officer (HG), On 10-01-2022)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 1 (1) തീയതി 13-03-20

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 101284800 |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 101116700 |

പുതുക്കിയ ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 5 തീയതി 15-01-21

| | |
|---|---|
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് | 110719868 |
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള ചെലവ് | 112290590 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-21 | 04-05-21 |

## 1-2-1 വാർഷിക ധനകാര്യ പത്രിക – അപാകതകൾ

1. എസ്.ബി.റ്റി തനത് ഫണ്ട് (450210101) -7180 രൂപയുടെ മുൻ വർഷ ചെക്ക് 2019 ഡിസംബർ മാസത്തിൽ ബാങ്കിൽ നിന്ന് ക്യാഷാക്കിയെങ്കിലും 31.03.2021 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented To Bank ആയി തെറ്റായി കാണിച്ചിരിക്കുന്നു.
ബാങ്ക് ബുക്കിൽ മുൻ വർഷം വരവ് വെച്ച 150 രൂപ, ബാങ്കിൽ ഇപ്പോഴും വരവ് വെച്ചിട്ടില്ല (31.03.2021 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം).
ഇതു മൂലം എസ്.ബി.റ്റി തനത് ഫണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസും ബാങ്ക് അക്കൌണ്ട് ബാലൻസും പൊരുത്തപ്പെടുന്നില്ല. 7030/- രൂപയുടെ വ്യത്യാസമുണ്ട്. (7180-150)

2. ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് (4502101090) ചെക്ക് നമ്പർ 22837 തീയതി 15.02.21 235 രൂപ, കാലാവധി കഴിഞ്ഞെങ്കിലും സ്റ്റേൽ ചെക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

## 1-2-2 വാർഷിക ധനകാര്യ പത്രിക – മറ്റ് അപാകതകള്

1) സെക്രട്ടറിയുടെ പേരിലുള്ള എസ്.ബി.റ്റി. പ്ലാൻ അക്കൗണ്ടിൽ മുൻ വർഷ പ്ലാൻ ഫണ്ട് ബാലൻസ് 2,25189/- രൂപ നിൽക്കുന്നു. ഇത് കൺസോളിഡേറ്റഡ് ഫണ്ടിലൊട്ടുക്കി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. തുക കൺസോളിഡേറ്റഡ് ഫണ്ടിലൊട്ടുക്കി വിവരം അറിയിക്കേണ്ടതാണ്.

2) B4 ഷെഡ്യൂളിലെ താഴെപ്പറയുന്ന ലയബിലിറ്റി ഹെഡ്ഡുകളിൽ വളരെക്കാലമായി അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ സാധിക്കാത്തതുമായ തുകകൾ നിൽക്കുന്നു. ഈ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലൊട്ടുക്കാവുന്നവയാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുക കൺസോളിഡേറ്റഡ് ഫണ്ടിലൊട്ടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഭരണ സമിതി ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320200309 | Literacy Grant | 74355 |
| 2 | 320300103 | Total Sanitation | 537562 |
| 3 | 320300199 | Grants From Other Govt Agencies | 1035629 |

| | | | |
|---|---|---|---|
| 4 | 320700204 | Joint Venture (Block Panchayats) | 132552 |
| 5 | 320800101 | Joint Venture (District Panchayats) | 3503 |

3. B 18 ഷെഡ്യൂളിൽ താഴെപ്പറയുന്ന തുകകൾ പഞ്ചായത്തിന് ലഭിക്കാനുള്ളതായി കാണുന്നു. ഈ തുകകൾ ലഭിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 460100101 | Festival Advance | 2000 |
| 2 | 460500501 | Advance To Implementing Officers | 94516 |
| 3 | 460509901 | Advance To Others | 199984 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9011395 |
| വരവ് | 47995949 |
| ആകെ | 57007344 |
| ചെലവ് | 46305215 |
| നീക്കിയിരിപ്പ് | 10702129 |

## 1-4 ഫണ്ട് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12518635 | 12518635 | 12075889 | 442746 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 5310745 | 5310745 | 5310745 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 4896000 | 4896000 | 4896000 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3456681 | 3456681 | 3021482 | 435199 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 3380000 | 3380000 | 1114800 | 2265200 |

| | | | | | |
|---|---|---|---|---|---|
| 3-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 6371422 | 6371422 | 3968754 | 2402668 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജ കൃകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 176 | 51988756 | 114 | 34339725 | 25 | 37 | 64.77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 262831 | 826167 | 1088998 | 1088548 | 450 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 33263714 | 33263714 | 33263714 | 0 |
| ആകെ | 262831 | 34089881 | 34352712 | 34352262 | 450 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 19920 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 13294900 | 896 |
| വിധവാപെൻഷൻ | 5407200 | 361 |
| വാർദ്ധക്യകാല പെൻഷൻ | 11750100 | 813 |
| വികലാംഗപെൻഷൻ | 2220500 | 146 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 372000 | 25 |

| | | |
|---|---|---|
| | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-01-22 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 243/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
1.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

6.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഡി.&ഒ. ലൈസൻസ് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഡി. & ഒ. ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

കേരള പഞ്ചായത്ത് രാജ് വകുപ്പ് 233(4) (ബി) പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ (ആശുപത്രി, ക്ലിനിക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം, മറ്റേതെങ്കിലും ആരോഗ്യ സ്ഥാപനം എന്നിവയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം മുതലായവ ആവശ്യമാണ്.

മരുന്നുവ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് കൺട്രോൾ ലൈസൻസ് നേടേണ്ടതുമാണ്. സർക്കാർ ഉത്തരവ് (സാധാ)നം.2511/2017/തസ്വഭവ., തീയതി 22.7.2017 പ്രകാരം ഹോട്ടലുകൾ, ഭക്ഷണശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മത്സ്യം, മാംസം പച്ചക്കറി - പഴം വിപണന കടകൾ മുതലായവയുടെ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ എർപ്പെടുത്തേണ്ടതാണ്.

ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിക്കുന്നില്ല. മൂലധന നിക്ഷേപമോ വിറ്റുവരവോ രേഖപ്പെടുത്തുന്നില്ല. രണ്ടും മൂന്നും ജീവനക്കാരുള്ളതും വലിയ വിസ്തൃതിയുള്ള സ്ഥാപനങ്ങളിൽ നിന്നുപോലും 360/- രൂപ മാത്രമാണ് വാർഷിക തൊഴിൽ നികുതിയായി ഈടാക്കുന്നത്. മറ്റ് പൊതുവായ അപാകതകൾക്ക് ഉദാഹരണം താഴെ ചേർക്കുന്നു.

| അപേക്ഷാ ക്രമ നം. | ലൈസൻസി | അപാകതകൾ |
|---|---|---|
| 13 | രമ്യാ ഓയിൽമിൽ & ഫ്ലവർ മിൽ | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല |
| 166 | ബിനു ജോസ്,<br>സെന്റ് ജോസഫ് ഫ്ലവർ മിൽ | - ടി - |
| 19 | കെ.ജോൺ, തെക്കേക്കര റോയൽ ഡയഗ്നോസ്റ്റിക് സെന്റർ | ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല |
| 81 | ഷാന്റി ജോയി<br>മരിയൻ ഡയഗ്നോസ്റ്റിക് സെന്റർ - ലാബ് | - ടി - |
| 58 | വി.എൽ. സണ്ണിക്കുട്ടി<br>വേലക്കളം മെഡിക്കൽസ് | ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ല. |
| 65 | അലക്സ് വർഗ്ഗീസ്, ശാന്തി മെഡിക്കൽസ് | - ടി - |
| 84 | സെക്രട്ടറി, ഊരുക്കരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി<br>- വളം, കീടനാശിനി വിൽപ്പന | രാസവളം വിൽപ്പനക്കാവശ്യമായ എൻ.ഒ.സി. ഇല്ല. |
| 99 | സെക്രട്ടറി, രാമങ്കരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി<br>- വളം, കീടനാശിനി വിൽപ്പന | -ടി - |
| 120 | ബിന്ദു രാധാകൃഷ്ണൻ<br>ആർ.കെ. ക്ലബ് സോഡ | കേരള വാട്ടർ അതോറിറ്റി/ഭൂജല വകുപ്പിന്റെ ജലപരിശോധനാ സാക്ഷ്യപത്രം ഇല്ല |
| 130 | സ്വപ്ന വർഗ്ഗീസ്<br>കൈരളി അക്വാസ്പ്രിങ്ങ്ളർ<br>മിനറൽ വാട്ടർ നിർമ്മാണം | - ടി - |

അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

കുട്ടനാട് താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി ജീവനക്കാരിൽ നിന്നും 2020-21 വർഷം ആദ്യ പകുതിയിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടിയായി ജീവനക്കാരുടെ തൊഴിൽ നികുതി തെറ്റായി ആലപ്പുഴ നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്നും, നികുതി ലഭിക്കുന്നതിനായി ആലപ്പുഴ നഗരസഭയ്ക്ക് കത്തെഴുതാമെന്നും അറിയിച്ചിട്ടുണ്ട്. ആലപ്പുഴ നഗരസഭയിൽ തെറ്റായി ഒടുക്കിയ തൊഴിൽ നികുതി പഞ്ചായത്തിന് ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സ്ട്രീറ്റ് ലൈറ്റുകൾ - പഞ്ചായത്തിൽ വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

2019-20 സാമ്പത്തിക വർഷം പ്രൊജക്റ്റ് നം. 00062/20 പ്രകാരം 213 എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുകയുണ്ടായി. നിലവിൽ ഒരു എൽ.ഇ.ഡി ലൈറ്റിനുപോലും പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ പണം അടവാക്കുന്നില്ല. എന്നാൽ 186 ഓർഡിനറി 60 Watt, 40 Watt ബൾബുകൾക്ക് ഇപ്പോഴും പണം അടവാക്കുന്നുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ കണക്കുകൾ ലഭ്യമല്ല. സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിനായി പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ പണം അടവാക്കിയിട്ടുണ്ടോ, സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.15 ) നല്കിയതിന് സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിനായി പണം അടവാക്കിയിട്ടില്ലെന്നും സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിന് എത്രയും

വേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തദ്ദേശ തെരഞ്ഞടുപ്പ് - രസീത് ഇല്ലാതെ ഡെപ്പോസിറ്റ് തുക തിരികെ നല്കിയത് സംബന്ധിച്ച്

വൗച്ചർ നം. 22000796/03.2.21, (ചെക്ക് നം. 20197- തുക 11500/-) പ്രകാരം ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശ്രീമതി. സോളി ആന്റണി അടവാക്കിയ ഡെപ്പോസിറ്റ് തുക 1000/- രൂപ തിരികെ നല്കിയിട്ടുണ്ട്. രസീത് തിരികെ ഹാജരാക്കാതെയാണ് തുക നല്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രസീത് ഹാജരാക്കി മാത്രം ഡെപ്പോസിറ്റുകൾ തിരികെ നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ശ്രീ. അജയൻ, സീനിയർ ക്ലർക്കിന് ശമ്പള കുടിശ്ശിക നല്കിയതിലെ അപാകതകൾ - തുക തിരികെ ഈടാക്കേണ്ടതാണ്

വൗച്ചർ നം. 22000796/തീയതി 03.02.2021

ചെക്ക്നം. 22831/3.2.21

ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ഇ.4-04/2015/തീയതി 17.6.15 -ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അജയൻ പി.എസ്. ഉൾപ്പെടെ 281 പേർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പ്രമോഷൻ നല്കുകയുണ്ടായി. അതനുസരിച്ച് ശ്രീ. അജയൻ പി.എസ്. 01.07.2015 ൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ഈ പട്ടിക 23.5.18 ലെ E.5- 38675 -ാം നമ്പർ ഉത്തരവ് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർ അന്തിമമാക്കിയിട്ടുള്ളതും സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സ്ഥാനക്കയറ്റ തീയതി സീനിയോറിറ്റി പട്ടികയിൽ പുനക്രമീകരിച്ചിട്ടുള്ളതുമാണ്. അതു പ്രകാരം ശ്രീ. അജയൻ പി.എസ്. ന്റെ പ്രമോഷൻ തീയതി 29.10.2014 ആയി പുനക്രമീകരിച്ചു. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 3-ാം ചട്ടം (2) ഉപചട്ടത്തിന്റെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം സീനിയോറിറ്റി പട്ടികയിൽ പുന:ക്രമീകരിച്ചിട്ടുള്ള പ്രൊവിഷണൽ പ്രമോഷൻ തീയതികൾ അടിസ്ഥാനമാക്കി ഏതെങ്കിലും വിധത്തിലുള്ള ശമ്പള പുനർ നിർണ്ണയം പഞ്ചായത്ത് വകുപ്പിന്റെ പ്രത്യേക അനുമതിയില്ലാതെ നടത്തുവാൻ പാടില്ലായെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നല്കി. അതിനെത്തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീ. രതീഷ് മുതൽപേർ ചേർന്ന് നല്കിയ OA(EKM)1831/18-ാം നമ്പർ കേസിൽ 01.10.2018 ൽ കോടതി പുറപ്പെടുവിച്ച വിധിയിലെ നിർദ്ദേശത്തെത്തുടർന്ന് സർക്കാർ പരാതിക്കാരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ബഹു. പഞ്ചായത്ത് ഡയറക്ടറുടെ E.5- 38675-ാം നമ്പർ ഉത്തരവ് പരിഗണിച്ചും സർക്കാർ ഉത്തരവ് (സാധാ) 140/2020/തസ്വഭവ., തീയതി 16.01.2020 പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ നോഷണൽ പ്രമോഷൻ നല്കിയ കാലയളവ് സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കില്ല എന്നുള്ള ബഹു. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (അച്ചടി) 7/2016/ധന., തീയതി. 26.1.2016 പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രമോഷൻ തീയതികൾ പുന:ക്രമീകരിച്ചവരുടെ ശമ്പളം പ്രസ്തുത തീയതി മുതൽ യഥാർത്ഥത്തിൽ ഉദ്യോഗക്കയറ്റം സ്വീകരിച്ച തീയതി വരെയുള്ള കാലയളവിൽ നോഷണലായി നിർണ്ണയിക്കുന്നതിനും പ്രസ്തുത നോഷണൽ പ്രമോഷന്റെ സാമ്പത്തിക ആനുകൂല്യവും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും സീനിയർ ക്ലാർക്ക് തസ്തികയിൽ യഥാർത്ഥത്തിൽ പ്രമോഷൻ ലഭിച്ച തീയതി മുതൽ ചട്ടപ്രകാരം അനുവദിച്ചുകൊണ്ടുമാണ് ബഹു. പഞ്ചായത്ത് ഡയറക്ടർ PAN/25192/2018-E9(DP),15.2.2020 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്രകാരം ശമ്പള പുനർ നിർണ്ണയം നടത്തുമ്പോൾ സർക്കാർ ഉത്തരവ് (അച്ചടി) 7/2016/ധന., തീയതി. 26.1.2016 ന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച അടിസ്ഥാന ശമ്പളത്തിൽ മാറ്റം വരുന്നപക്ഷം ആയതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കണമെന്നും ഉത്തരവിൽ സൂചിപിച്ചിട്ടുണ്ട്.

ഈ ഉത്തരവിനനുസൃതമായി രാമങ്കരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം. സി. 4-422/21, തീയതി 01.02.2021 പ്രകാരം ശ്രീ. അജയൻ പി.എസ്., സീനിയർ ക്ലാർക്കിന് ശമ്പള കുടിശിക അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സെക്രട്ടറിയുടെ ഈ ഉത്തരവിൽ യഥാർത്ഥത്തിൽ പ്രമോഷൻ ലഭിച്ച തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് നോഷണലായി പ്രമോഷൻ ലഭിച്ച തീയതി തന്നെയാണ്. ആയത് പ്രകാരം പ്രമോഷന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുകയുമാണ് ചെയ്തിരിക്കുന്നത്.

സെക്രട്ടറിയുടെ മേൽ ഉത്തരവനുസരിച്ച് 29.10.2014 ൽ സീനിയർ ക്ലർക്ക് തസ്തികയിൽ ടിയാളുടെ ശമ്പളം പുനർ നിർണ്ണയിക്കുകയും തുടർന്നുള്ള ഇൻക്രിമെന്റ് തീയതികളായി 01.10.2015, 01.10.2016 എന്നിങ്ങനെ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക സ്റ്റേറ്റ്മെന്റ് പ്രകാരം ശമ്പള വർദ്ധനവ് വന്നിട്ടുള്ളത് 01.07.2015, 01.10.2016 എന്നിങ്ങനെയാണ്. ആയതിനാൽ ഓരോ വർഷവും അർഹമായതിലും മൂന്നു മാസം മുമ്പ് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുവാനിടയായി. വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഭാഗം-3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നോഷണൽ പ്രമോഷൻ കാലയളവിലെയും വാർഷിക വർദ്ധനവ് തെറ്റായി നല്കിയ കാലയളവിലെയും തുക തിരികെ

ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9) സാമ്പത്തിക ആനുകൂല്യം നല്കിയിട്ടുള്ളത് പരിശോധിച്ച് അധികം തുക നല്കിയിട്ടുള്ളപക്ഷം തുക തിരികെ അടവാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-15 ശ്രീമതി. മഞ്ജുശ്രീ.കെ., സീനിയർ ക്ലർക്ക്- പ്രമോഷൻ തീയതി പുനഃക്രമീകരിച്ചതനുസരിച്ച് ശമ്പള നിർണ്ണയം നടത്താത്തത് സംബന്ധിച്ച്.

നം. കെ.എസ്.എ./എ.എൽ.പി./ജി.എ. 4/946(2) ആർ/16, തീയതി.26.8.16 പ്രകാരം ശ്രീമതി. മഞ്ജുശ്രീ. കെ.യുടെ ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകത പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും നിർദ്ദേശിച്ചിരുന്നു. മേൽ അപാകത പരിഹരിക്കാതെയാണ് ടിയാരിക്ക് പ്രമോഷൻ തീയതി പുനഃക്രമീകരിച്ചതിനെത്തുടർന്നുള്ള ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുള്ളത്. ഇതുവരെയും അപാകത പരിഹരിക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 10 ന് നല്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടിയാരിക്ക് അർഹമായ സാമ്പത്തിക ആനുകൂല്യം നല്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഡാറ്റാ എൻട്രി നടത്തിയതിന് അധികം തുക നല്കി- തുക തിരികെ ഈടാക്കേണ്ടതാണ്

വൗച്ചർ നം. 22000925/20.3.21 തുക - 6600/- ചെക്ക് നം. 23586

ഡാറ്റാ എൻട്രി നടത്തിയതിന് ശ്രീമതി. സന്ധ്യ പി.എസ്. ന്. 2021 ജനുവരി 30,31, ഫെബ്രുവരി 1 മുതൽ 5 വരെ 740/- രൂപ നിരക്കിൽ ആകെ 7 ദിവസത്തേയ്ക്കാണ് വേതനം നല്കേണ്ടത്. മസ്റ്റർ റോൾ പ്രകാരവും ടിയാരിയുടെ അപേക്ഷയിലും 7 ദിവസത്തെ വേതനമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ മേൽ വൗച്ചർ പ്രകാരവും ചെക്ക് പ്രകാരവും 6600/-രൂപയാണ് ടിയാരിക്ക് നല്കിയിരിക്കുന്നത്. 1420/- രൂപ അധികം (6600-5180 (740x7)) നല്കിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.14) നല്കിയതിന് അധികം നല്കിയ തുക ടിയാരിയിൽ നിന്നും ഈടാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റി - തുക തിരികെ അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളെ സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും സസ്പെന്റ് ചെയ്ത പെൻഷൻ ലിസ്റ്റുമായുള്ള പരിശോധനയിൽ ശ്രീമതി. വിജയമ്മ കെ., നെടുമ്പറമ്പ് എന്ന വ്യക്തിയുടെ പെൻഷൻ പെൻഷണറുടെ മരണം മൂലം സസ്പെന്റ് ചെയ്തിരിക്കുന്നുവെന്ന് സസ്പെന്റ് ലിസ്റ്റിൽ കാണിച്ചിരിക്കുന്നുവെങ്കിലും ടിയാൾ സർവ്വീസ് പെൻഷണർ/ഫാമിലി പെൻഷണർ ആയതിനാൽ 2019 മെയ് മാസം മുതൽ പെൻഷൻ സസ്പെന്റ് ചെയ്തതായാണ് സേവനയിൽ നിന്നും മനസ്സിലായത്. ആയത് സംബന്ധിച്ചുള്ള ഫയൽ പരിശോധനയിൽ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കുന്നത് സംബന്ധിച്ച് ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 04.3.21 ലെ PAN/2556/2020-ഡി.ബി.റ്റി നമ്പർ കത്തിലെ നിർദ്ദേശപ്രകാരവും, ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01.04.21 ലെ പി.-5470/2013(1) നമ്പർ കത്ത് പ്രകാരവും രാമങ്കരി ഗ്രാമപഞ്ചായത്തിലെ 4 സർവ്വീസ് പെൻഷനർമാർ/ഫാമിലി പെൻഷണർമാർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയതായും അവ സസ്പെന്റ് ചെയ്തിരിക്കുന്നതായും മേൽ വ്യക്തികളിൽ നിന്നും ഇതുവരെ കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് രജിസ്റ്റേർഡ് നോട്ടീസ് നല്കിയിരുന്നതായും വ്യക്തമായി. തുടർന്ന് ഈ വ്യക്തികളിൽ ശ്രീമതി. വി.ആർ. ചെല്ലമ്മ എന്ന വ്യക്തി മാത്രം അനർഹമായി കൈപ്പറ്റിയ 47800/- രൂപ തിരികെ ഒടുക്കുകയുണ്ടായി. ബാക്കി മൂന്ന് വ്യക്തികൾ താഴെപ്പറയുന്ന തുക ഇതുവരെ അടവാക്കിയിട്ടില്ല.

1. സരോജിനിയമ്മ. എൽ. നെടുംപറമ്പിൽ, രാമങ്കരി - 56800/-

2. വിജയമ്മ. കെ. നെടുമ്പറമ്പ്, രാമങ്കരി. - 52700/-

3. പെണ്ണമ്മ, പുത്തൻപറമ്പിൽ, മാമ്പുഴക്കരി - 47800/-

മേൽ വ്യക്തികളിൽ നിന്നും തുക ഈടാക്കുന്നതിന് പെൻഷൻ സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേക്ക് അറിയിക്കുന്നതിനായി ബഹു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നം. സി.4-1221/202, തീയതി 15.6.2021 പ്രകാരം പഞ്ചായത്ത് കത്ത് നല്കിയിട്ടുണ്ട്.

പെൻഷൻ അപേക്ഷകളിൽ പഞ്ചായത്ത് അധികൃതർ ആവശ്യമായ അന്വേഷണം നടത്താതെ പെൻഷൻ അനുവദിക്കുന്നതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇപ്രകാരം പെൻഷൻ നല്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയും അന്വേഷണ ഉദ്യോഗസ്ഥനും ഉത്തരവാദികളായിരിക്കുമെന്ന് ജി.ഒ. (എം.എസ്.) നം. 241/2018/ധന., തീയതി 06.7.2018 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ പെൻഷണർമാരുടെ പെൻഷൻ അനുവദിച്ചതു മുതലുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല. സേവനയിൽ അപ്‌ലോഡ് ചെയ്തതിനുശേഷമുള്ള

പെൻഷൻ തുക മാത്രമാണ് നഷ്ടമായി കണക്കാക്കിയിട്ടുള്ളത്.

പെൻഷൻ അപേക്ഷകളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും സാമൂഹ്യ സുരക്ഷാപെൻഷണർമാരുടെ മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്ത് പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന പെൻഷൻകാരുടെ മരണങ്ങളിൽ മാത്രമേ പെൻഷൻ സസ്പെന്റ് ചെയ്യുവാൻ സാധിക്കുന്നുള്ളൂ. പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിലോ മെഡിക്കൽ കോളേജുകളിലോ മരണപ്പെടുന്ന പഞ്ചായത്തതിർത്തിയിലെ എല്ലാ വ്യക്തികളുടെ മരണവിവരവും യഥാസമയം പഞ്ചായത്തിൽ ലഭ്യമാകാത്തതിനാൽ പെൻഷൻകാരുടെ മരണശേഷവും പെൻഷൻ തുടരുന്നതിന് കാരണമാകുന്നു. ആയതിനാൽ ബന്ധപ്പെട്ട അധികാരികൾ സർക്കാർതലത്തിൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പർ പതിക്കൽ - വേതനം നല്കിയത്

വൗച്ചർ നം. 22000079/5.5.20, ചെക്ക് നം. 18836/5.5.20 പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പർ പതിക്കുന്നതിനായി 8000/- രൂപ (500 രൂപ വീതം 4 പേർക്ക് 4 ദിവസം) വേതനമായി നല്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ പരിപാലനം മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നത്. ആയതിനാൽ ഇലക്ട്രിക് പോസ്റ്റുകൾക്ക് നമ്പർ പതിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സർക്കാർ നിർദ്ദേശമോ ഉത്തരവുകളോ ഉണ്ടെങ്കിൽ ഹാജരാക്കുന്നതിനായും നമ്പർ പതിക്കുന്നതിനായി ഏതെങ്കിലും സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിൽ ചെലവ് രേഖകൾ ഹാജരാക്കുന്നതിനായും ഓഡിറ്റ് അന്വേഷണം (നം. 15) നല്കിയിരുന്നു.

2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി പരമ്പരാഗത വിളക്കുകൾ, അനിവാര്യമായ സ്ഥലം എന്നിവ സംബന്ധിച്ച് അറിയേണ്ടതിന് വാർഡ് തലത്തിലുള്ള വൈദ്യുത പോസ്റ്റുകളുടെ എണ്ണവും വിവരവും നമ്പരും ലഭ്യമാക്കുന്നതിനു പല തവണ കെ.എസ്.ഇ.ബി. ഓഫീസുമായി ബന്ധപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ലെന്നും ആയത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ വിവരം ലഭ്യമല്ലെന്നും അറിയിച്ചതിനെത്തുടർന്ന് അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 17.10.2019 ലെ 4(2) തീരുമാനപ്രകാരമാണ് താൽക്കാലിക നമ്പർ നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചത് എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്.

ഇലക്ട്രിക് പോസ്റ്റുകളുടെ പൂർണ്ണ ഉത്തരവാദിത്തം കെ.എസ്.ഇ.ബി.യ്ക്കാണെന്ന് സർക്കുലർ നം. 3055/DA.3/ 2011/lsgd., തീയതി 15.9.2011 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇപ്രകാരമുള്ള പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ കെ.എസ്.ഇ.ബി.യിൽ നിന്നും അനുവാദം വാങ്ങിയോ കെ.എസ്.ഇ.ബി.യുടെ മേൽനോട്ടത്തിലോ മാത്രമേ നടത്തുന്നുള്ളൂ എന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-19 സംയുക്തപരിശോധന നടത്തുന്നില്ല- ഭീമമായ തുക വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | വെള്ളക്കരം ഒടുക്കൽ (പ്രോജക്ട് നം. S0003/21.) |
| അടങ്കൽ | 887256 |
| ചെലവ്. | 887256 |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 169 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിട്ടിക്ക് മെയിന്റനൻസ് ഫണ്ട്(റോഡിതരം) ൽ നിന്നും തൻവർഷം ആകെ 887256/- രൂപ നൽകിയിട്ടുണ്ട്. വാട്ടർ അതോറിട്ടിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാനും ഉണ്ടെങ്കിൽ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/7.1.22)ക്ക് ലഭ്യമാക്കിയ മറുപടിയിൽ 18.11.2008 ൽ ആണ് അവസാനമായി വാട്ടർ അതോറിട്ടിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയത് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച രേഖകളോ, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ജൽജീവൻ പദ്ധതിക്കു തുക നൽകൽ എന്ന പ്രോജക്ട് പ്രകാരം സെക്രട്ടറിയുടെ ബിൽ നം. 38/18.03.21 പ്രകാരം 546000/- രൂപ പിൻവലിച്ച് വാട്ടർ അതോറിട്ടിയുടെ 00000067119741187 എന്ന എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

എല്ലാ കുടുംബങ്ങൾക്കും ജൽജീവൻ പദ്ധതി പ്രകാരം കുടിവെള്ളകണക്ഷനുകൾ ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

അതിനശേഷം വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകണക്ഷനുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. അതുവഴി വാട്ടർ അതോറിട്ടിക്ക് വർഷം തോറും നല്കിവരുന്ന വെള്ളക്കരം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹമായ തുക നൽകുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. (പ്രോജക്ട് നം. S0005/21.) |
| അടങ്കൽ | 584964. (വികസനഫണ്ട് -384964, ബ്ലോക്ക് പഞ്ചായത്ത്-100000 ഗ്രാമപഞ്ചായത്ത്- 100000 ) |
| ചെലവ് | 484964 |
| ബിൽ നം./ തീയതി. (Sanction Order) | 1. 140/11.01.21-- 157200.<br>2. 199/27.02.21-227764<br>3. 147/12.01.21 -100000 (ബ്ലോക്ക് പഞ്ചായത്ത് |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ 584964/- രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്തിരുന്നു. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 100000/- ലക്ഷം രൂപ വച്ചിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്കായി മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വാർഷിക ധനസഹായമായി 28500/- രൂപയാണ് നൽകേണ്ടത്. എന്നാൽ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 18895/- രൂപ വീതം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി ഗുണഭോക്താക്കൾക്ക് അർഹമായ തുക അനുവദിക്കാതെ വളരെ കുറച്ച് തുക മാത്രമേ നൽകിയിട്ടുള്ളൂ എന്ന് കാണുന്നു.

സമൂഹത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക. (7.1.6) പ്രകാരം നൽകേണ്ട മുഴുവൻ തുകയും അനുവദിക്കേണ്ടതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ആവശ്യമായ തുക അടങ്കൽ തീരുമാനിച്ചുകൊണ്ട് പദ്ധതി വിഭാവനം ചെയ്യുകയും അതു പ്രകാരമുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21(a) സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി വാട്ടർ അതോറിട്ടിയെ ഏൽപ്പിച്ച വിവിധ ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല--880000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/ നമ്പർ | അടങ്കൽ | ബിൽ നം./ തീയതി | ചെലവുതുക |
|---|---|---|---|---|
| 1. | ചെറുകര മുതൽ എൻ.എസ്.എസ്.കരയോഗം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.(പ്രോജക്ട് നം. 88/21) | 3,30,000 (CFC) | 21/ 10.11.20. | 3,30,000 (CFC) |

| | | | | |
|---|---|---|---|---|
| 2. | കാഞ്ഞിക്കൽ പാലം മുതൽ കാഞ്ഞിക്കൽ ചിറ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.(പ്രോജക്ട് നം. 86/21) | 200,000 (CFC) | 23/10.11.20 | 200,000 (CFC) |
| 3 | മംഗലശ്ശേരി ചിറ മുതൽ ചെമ്പടി പാലം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.(പ്രോജക്ട് നം. 68/21) | 300,000 (CFC) | 17/ 10.11.20. | 300,000 (CFC) |
| 4 | എസ്സ്.സി. വനിതാക്ഷേമകേന്ദ്രത്തിനു കുടിവെള്ള കണക്ഷൻ. (പ്രോജക്ട് നം. S0176/21) | 50,000 (CFC) | 22/ 10.11.20. | 50,000 (CFC) |

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി പിൻവലിച്ച തുകകൾ വാട്ടർ അതോറിട്ടിയുടെ 3922000110130637 നമ്പർ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. 2020-21 സാമ്പത്തികവർഷാവസാനം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടി പ്രവൃത്തികൾ സംബന്ധിച്ച് വാട്ടർ അതോറിട്ടിയുമായി പഞ്ചായത്ത് സെക്രട്ടറി കരാർ ഒപ്പിട്ടിട്ടുണ്ട് എങ്കിലും പ്രവൃത്തികളുടെ ഫൈനൽ ബില്ലിന്റെ പകർപ്പ്, പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ചെലവുതുകകളുടെ വിനിയോഗസർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/7.1.22) ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും, അവ പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത പ്രവൃത്തികൾക്കായി നടത്തിയ 880000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21(b) വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | ഉത്തരവു നമ്പർ | ചെലവു തുക |
|---|---|---|---|
| 1 | പോസ്റ്റ് മാറ്റൽ/S0202/21 | 235/24.03.2021 | 87,999 |
| 2 | തെരുവു വിളക്ക് സ്ഥാപിക്കൽ | 4/05.05.2020 | 5,90,000 |
| ആകെ | | | 6,77,999 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ച് തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ പ്രസ്തുത പ്രവൃത്തികൾക്കായി നടത്തിയ 6,77,999/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 അനർഹയായ ഗുണഭോക്താവിന് ധനസഹായം നല്കി

വീട് വാസയോഗ്യമാക്കൽ - എസ്.സി,

അടങ്കൽ - 1,50,000,

ചെലവ് – 1,50,000,
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ രാമങ്കരി

വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന്റെ ഭാഗമായി, അനിത മനീഷ് കുമാർ, മാവേലിക്കളം കോളനി നമ്പർ-5, രാമങ്കരി എന്നയാൾക്ക് 37,500/- രൂപ ബിൽ നം.141/11.01.21 പ്രകാരവും, 37,500 രൂപ ബിൽ നം.202/01.03.21 പ്രകാരവും നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ വസ്തു നികുതി രേഖകൾ പ്രകാരം 2015 ആദ്യ പകുതിയിൽ പുതിയ വീടായിട്ടാണ് ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത്, സർക്കാർ ഉത്തരവ് (കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 -6.7(6) പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞതിനു ശേഷമാണ് ധനസഹായത്തിന് അർഹത. ആയതിനാൽ ഈ ഗുണഭോക്താവിന് ധനസഹായത്തിന് അർഹതയില്ല. അസിസ്റ്റന്റ് സെക്രട്ടറി വീടിന് 15 വർഷം പഴക്കമുണ്ടെന്ന് നല്കിയ തെറ്റായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വി.ഇ.ഒ ധനസഹായം നല്കിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് വീട് വെള്ളപ്പൊക്കത്തിൽ നശിച്ചു കൊണ്ടാണ് ധനസഹായം നല്കിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 75,000/- രൂപ ഗുണഭോക്താവിൽ നിന്നോ നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറി ജെസ്സി വർഗ്ഗീസിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 ഇ- ടെന്റർ ഫീസ്

ഗ്രാമപഞ്ചായത്ത് 2019-20 ,2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എത്ര 27648/-രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ ഈ ഇനത്തിൽ ലഭിക്കാനുള്ള ഗ്രാമപഞ്ചായത്തിന് ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്തു ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പ യുടെ വില | ഫണ്ട് ഇനം | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|
| 1 | കുഴിക്കാല കോളനി മുതൽ കാപ്പിശ്ശേരി ലക്ഷംവീട് ജംഗ്ഷൻ വരെ റോഡ് ടാറിംഗ് | 2250 | വികസന ഫണ്ട്. | 2/17-04-20 രൂപ 474204/- |
| 2 | പോലീസ് സ്റ്റേഷൻ പാലം മുതൽ അങ്കണവായി വഴി വൈക്കത്തുശ്ശേരി പാലം വരെ റോഡ് ടാറിംഗ്. | 2750 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 8/17-04-20 രൂപ 328355/-<br>9/17-04-20 രൂപ 171176/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തിക്ക് GST കൂടുതലായി അനുവദിച്ചു

| | |
|---|---|
| പ്രവൃത്തി | കോതരിക്കാട് SC കോളനി വികസനം |
| പ്രോജക്ട് നം | S0062/21 |
| കരാറുകാരൻ | വർഗ്ഗീസ് . കെ. എക്സ് |
| അളവു പുസ്തകം | 20/20-21 |
| ചെലവു വിവരം | ബിൽ നം 65/09-02-21 രൂപ 476447/- |

കോതരിക്കാട് SC കോളനിയിലെ റോഡിന്റെ ഒരുവശം സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഈ ഭാഗം വളരെ താഴ്ന്നതായതിനാൽ ഗ്രാവൽ മണ്ണ് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ടി പ്രവൃത്തി ചെയ്തതിന് 428.26m3 അളവിന് @993.32/m3 നിരക്കിൽ മൂല്യം കണ്ടെത്തി 12%GST ഉൾപ്പെടെ 476447/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 2017 ലെ CGST ആക്ടിലെ 119 സെക്ഷൻ 2 പ്രകാരം ടിയിനത്തിന് അനുവദനീയമായ GST 5% ആണ്. 12%GST അനുവദിച്ചതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 425399 |
| (+) GST5% | 21270 |
| ആകെ | 446669 |
| നൽകിയത് | 476447 |
| അധികം | 29778 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് ( നം 6/--- 01-22 ) അനുവദിച്ച GST യിൽ 2% ബില്ലിൽ നിന്നും ഈടാക്കുകയും ബാക്കി 10% കരാറുകാരൻ ചരക്കുസേവന നികുതി വകുപ്പിൽ ഒടുക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ കരാറുകാരൻ ചരക്കുസേവന നികുതി വകുപ്പിൽ ടി പ്രവൃത്തിയുടെ GST ഇനത്തിലുള്ള10% ഒടുക്കിയതിന്റെ കൃത്യത ബോധ്യപ്പെടാനായില്ല. അതിനാൽ അധികം നൽകിയ 29778/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് ഇംപാക്ട്

അഞ്ചുമനയ്ക്കൽ കോളനി തോട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ച് കടവ് നിർമ്മിക്കുന്നുണ്ട്. ഇത് കോക്കനട്ട് പൈലിംഗ് നടത്തിയാണ് ചെയ്യുന്നത്. പൈലിംഗ് നടത്തുന്നതിന് 24 മീറ്റർ (8x3) 1/2 Split കോക്കനട്ട് പോസ്റ്റാണ് സ്റ്റാക്ക് ചെയ്തിട്ടുള്ളത്. എന്നാൽ കോക്കനട്ട് പൈൽ 16 മീറ്റർ താഴ്ത്തിയതിന് CPWD സ്പെസിഫിക്കേഷൻ കോഡ് 60.64.4 (Coconut Pile – Driving Down Coconut Pile Line And Levels) പ്രകാരമുള്ള 797.09/മീറ്റർ നിരക്കാണ് അനുവദിച്ചിരിക്കുന്നത്. ഇതിന് അനുവദനീയമായ നിരക്ക് 60.64.5 (Coconut Pile – Driving Down Half Split Cocnut Pile Line And Levels) പ്രകാരമുള്ള 401/മീറ്റർ നിരക്കാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 6/---01-22) നൽകിയതിനെ തുടർന്ന് അധികം നൽകാനിടയായ 6337/- രൂപ 10-01-22 തീയതിയിലെ 121020101871 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-27 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ ഗ്രാവൽ ഫില്ലിംഗ് നടത്തിയതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ടി അളവിന് 1000/- രൂപ നിരക്കിൽ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | അളവ് പുസ്തകം | ഗ്രാവൽ ഫില്ലിംഗ് നടത്തിയതിനുള്ള ടേപ്പ് മെഷർമെന്റിലെ അളവ് | കുറവ് ചെയ്യേണ്ടിയിരുന്ന അളവ് (10%) | അധികം നൽകിയ തുക | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീട് വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം 2 | സിജു. വി | 112/20-21 | 59.874 $M^3$ | 5.9874 $M^3$ | 5.9874 @1000= 5987 | 26-02-21 |
| 2 | അമ്പലം മുതൽ വഞ്ചിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 | ശ്രീനാഥ് .പി.വി | 21/21-22 | 60.229 $M^2$ | 6.0229 $M^3$ | 6.0229 @1000 = 6023 | 18-07-20 |
| 3 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീട് വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം-1 | സിജു .വി | 111/20-21 | 93.855 $M^3$ | 9.3855 $M^3$ | 9.3885 @ 1000 = 9389 | 16-10-20 |
| | ആകെ | | | | | 21399 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/---01-22) 10% കിഴിവ് ചെയ്യണമെന്ന വ്യവസ്ഥ അറിയില്ലായിരുന്നുവെന്നും എന്നും തുടർന്നുള്ള പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞവിധം അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 GST ഈടാക്കിയതിൽ കുറവ്

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത അമ്പലം മുതൽ വഞ്ചിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് -1 പ്രവൃത്തിയിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. ശ്രീനാഥിന് സാധന വിലയിനത്തിൽ 302332/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017 ലെ വകുപ്പ് 51(1) എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇതനുസരിച്ച് 6046/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ 120020100475/04-09-20 രസീത് പ്രകാരം 1046/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുറവ് 5000/-. കുറവു വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/---01-22) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 കരാറുകാരിൽ നിന്നുംആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് കരാർ പ്രകാരം സാധന സാമഗ്രികൾ സപ്ലൈ ചെയ്തവർക്ക് തുക അനുവദിച്ചപ്പേൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | അമ്പലം പാലം മുതൽ PHC വരെ | വർഗ്ഗീസ് | 407043 | 4070 | 05-02-21 |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | | | | |
| 2 | അമ്പലം പാലം മുതൽ PHC വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് -2 | വർഗ്ഗീസ് | 375732 | 3757 | 24-11-20 |
| 3 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം 2 | സിജു . വി | 267233 | 2672 | 26-02-21 |
| 4 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം-1 | സിജു. വി | 403110 | 4031 | 16-10-20 |
| 5 | അമ്പലം മുതൽ വഞ്ചിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 | ശ്രീനാഥ് പി.വി | 216555 | 2166 | 18-07-20 |
| 6 | അമ്പലം മുതൽ വഞ്ചിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 1 | ശ്രീനാഥ് പി.വി | 302332 | 3023 | 18-07-20 |
| | ആകെ | | | 19719 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/---01-22) ആദായ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും തുടർന്നുള്ള പ്രവൃത്തികളിൽ ആദായ നികുതി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചു കൊള്ളാമെന്നുമാണ് അറിയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത അളവ് രേഖപ്പെടുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിക്കുന്നത് മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്താതെയാണ്. ഒരു ഘന മീറ്റർ ചെയ്യുന്നതിന് ആവശ്യമായ അളവിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവിന് ആനുപാതികമായിട്ടാണ് കരാറുകാർക്ക് തുക അനുവദിക്കുന്നത്. ഈ പ്രവണത ശരിയല്ല. മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും വോയ്ഡ്സ് കുറവു ചെയ്യാനുണ്ടെങ്കിൽ കുറവു ചെയ്തും മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

രാമങ്കരി പഞ്ചായത്ത് 2020-21 വർഷത്തിൽ നടത്തിയ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രാമങ്കരി പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമായി നടത്തിയിട്ടുണ്ട്.

ബ്രേക്ക് ദ ചെയിൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ പൊതു ഇടങ്ങളിൽ കൈകഴുകൽ കേന്ദ്രങ്ങൾ സ്ഥാപിച്ചു. എല്ലാ സ്ഥാപനങ്ങളിലും മാസ്ക് സാനിട്ടൈസർ എന്നിവ വിതരണം ചെയ്തു. എല്ലാ വീട്ടുകളും മാസ്ക് വിതരണം ചെയ്തു. ഗ്രാമ പഞ്ചായത്ത് ഓഫീസ് ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് മാസ്ക്, സാനിട്ടൈസർ, ഷീൽഡ്, ഗ്ലൌസ് എന്നിവ വിതരണം ചെയ്തു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കോവിഡ് മുൻ കരുതലുകൾ സംബന്ധിച്ച അറിയിപ്പ് അനൌൺസ്മെൻറ്, ലഘുലേഖകൾ മുതലായ മുഖേന പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തി. കോവിഡ് രോഗികളെ കൊണ്ടുപോകുന്നതിന് ആംബുലൻസ് സൌകര്യം ഏർപ്പെടുത്തി. അന്യ സംസ്ഥാനങ്ങൾ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്തുന്നവർക്ക് ക്വാറന്റയിൻ സൌകര്യം ഉറപ്പു വരുത്തുകയും സ്വന്തം വീട്ടുകളിൽ ക്വാറന്റയിൻ സംവിധാനം ഇല്ലാത്തവർക്ക് മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആയത് ഉറപ്പുവരുത്തിയിട്ടുണ്ട്. അപ്രകാരം എത്തിയവർക്ക് ഭക്ഷണ സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ലോക്ക് ഡൌൺ കാലത്ത് പൊതുജനങ്ങൾ അനാവശ്യമായി പുറത്ത് ഇറങ്ങി നടക്കുന്നത് ഒഴിവാക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ, വാളന്റിയേഴ്സ്, ജനപ്രതിനിധികൾ, പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ സ്ഥിതിഗതികൾ യഥാസമയം വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാധനങ്ങൾ വീട്ടിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജാഗ്രത പോർട്ടലിൽ 90 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 39 പേർക്ക് പരിശീലനം നടത്തി 39 പേരെ വോളന്റിയേഴ്സായി നിയമിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു.

ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം അധ്യാപകർ, സന്നദ്ധ പ്രവർത്തകർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, കുടുംബശ്രീ പ്രവർത്തകർ, എന്നിവരുടെ സേവനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്കിൽ ലഭ്യമായിട്ടുണ്ട്.

വാർഡ് മെമ്പർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കോവിഡ് പോസിറ്റീവ് ആയ വ്യക്തികളെ ആവശ്യമാകുന്ന പക്ഷം ചികിത്സ കേന്ദ്രത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് പോസിറ്റീവ് ആയ വ്യക്തികളുടെ വീട്ടുകളിൽ ആവശ്യമായ മരുന്നുകൾ, നിത്യോപയോഗ സാധനങ്ങൾ, ഭക്ഷണം എന്നിവ എത്തിച്ച് നൽകിയിട്ടുണ്ട്. വാർഡ് തലത്തിൽ ജാഗ്രത സമിതി രൂപീകരിച്ച് വിവിധ ക്ലസ്റ്ററുകളിൽ നിന്നും ദൈനംദിന സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും വിവിധ റിപ്പോർട്ടുകൾ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് എല്ലാ ദിവസവും നൽകുകയും, സമ്പർക്ക പട്ടിക തയ്യാറാക്കുകയും ക്വാറന്റയിൻ ലംഘിച്ച് പുറത്തിറങ്ങി നടക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോക്ക് ഡൌൺ ലംഘനം തടയുന്നതിന് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് പട്രോളിംഗ് ശക്തമാക്കുകയും, കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾ ബാരിക്കേഡ് ഉപയോഗിച്ച് ബ്ലോക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2020/2021 വർഷത്തെ വികസന ഫണ്ട് (ജനറൽ) നിന്നും 150000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ചെലവാക്കിയിട്ടുണ്ട്. കൂടാതെ തനത് ഫണ്ടിൽ നിന്നും 169159/- രൂപ ചെലവാക്കിയിട്ടുണ്ട്.

അവശ്യ സാധന സാമഗ്രികൾ സംഭാവനയായി ലഭിച്ചിരുന്നു, വിവിധ സംഘടനകൾ മുഖേന പൾസ് ഓക്സീമീറ്റർ, സാനിട്ടൈസർ തുടങ്ങിയവ കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭാവനയായി ലഭിച്ചിട്ടുള്ളതും ആയത് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തു പരിധിയിൽ സിഎഫ്.എൽ.ടി.സി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് തുക ലഭിച്ചിട്ടില്ല.

കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി നിർധനർ, അഗതികൾ, കിടപ്പുരോഗികൾ, അതിഥി തൊഴിലാളികൾ എന്നിവർക്ക് കമ്മ്യൂണിറ്റി കിച്ചൺ മുഖേന എല്ലാ ദിവസവും ഭക്ഷണം സൗജന്യമായി വാളന്റിയേഴ്സ് മുഖേന വീട്ടിൽ/താമസ സ്ഥലത്ത് എത്തിച്ച് നൽകിയിട്ടുണ്ട്.

രാമങ്കരി ഗ്രാമ പഞ്ചായത്തിൽ ആകെ 1507 പേർ കോവിഡ് പോസിറ്റീവായിട്ടുണ്ട്. അവരിൽ 1481 പേർക്ക് രോഗം ഭേദമായി. 16 പേർ മരണപ്പെട്ടു.

നിലവിലെ രോഗ ബാധിതർ- 10

നാളിതുവരെ പഞ്ചായത്തു പരിധിയിൽ വാക്സിനേഷൻ ലഭിച്ചവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രായം | ജനസംഖ്യ | ഒന്നാം ഡോസ് ലഭിച്ചവർ. | രണ്ടാം ഡോസ് ലഭിച്ചവർ. | വാക്സിനേഷൻ ലഭിക്കാത്തവർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 18-44 | 4251 | 4235 | 4155 | 16 |
| 45-59. | 2868 | 2857 | 2816 | 11 |
| 60 നു മുകളിൽ | 2756 | 2716 | 2694 | 40 |
| ആകെ | 9875 | 9808 | 9665 | 67 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശ്രീ.അജയൻ, സീനിയർ ക്ലർക്കിന് ശമ്പള കുടിശ്ശിക നല്കിയതിലെ അപാകതകൾ - 47222/- രൂപ തിരികെ ഈടാക്കേണ്ടതാണ്

വൗച്ചർ നം. 22000796/തീയതി 03.02.2021

ചെക്ക്നം. 22831/3.2.21

ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ഇ.4-04/2015/തീയതി 17.6.15-ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അജയൻ പി.എസ്. ഉൾപ്പെടെ 281 പേർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പ്രമോഷൻ നല്കുകയുണ്ടായി. അതനുസരിച്ച് ശ്രീ. അജയൻ പി.എസ്. 01.07.2015 ൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ഈ പട്ടിക 23.5.18 ലെ E.5- 38675 -ാം നമ്പർ ഉത്തരവ് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർ അന്തിമമാക്കിയിട്ടുള്ളതും സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സ്ഥാനക്കയറ്റ തീയതി സീനിയോറിറ്റി പട്ടികയിൽ പുന:ക്രമീകരിച്ചിട്ടുള്ളതുമാണ്. അതു പ്രകാരം ശ്രീ. അജയൻ പി.എസ്. ന്റെ പ്രമോഷൻ തീയതി 29.10.2014 ആയി പുന:ക്രമീകരിച്ചു. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 3-ാം ചട്ടം (2) ഉപചട്ടത്തിന്റെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം സീനിയോറിറ്റി പട്ടികയിൽ പുന:ക്രമീകരിച്ചിട്ടുള്ള പ്രൊവിഷണൽ പ്രമോഷൻ തീയതികൾ അടിസ്ഥാനമാക്കി ഏതെങ്കിലും വിധത്തിലുള്ള ശമ്പള പുനർ നിർണ്ണയം പഞ്ചായത്ത് വകുപ്പിന്റെ പ്രത്യേക അനുമതിയില്ലാതെ നടത്തുവാൻ പാടില്ലായെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നല്കി. അതിനെത്തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീ. രതീഷ് മുതൽ പേർ ചേർന്ന് നല്കിയ OA(EKM)1831/18 -ാം നമ്പർ കേസിൽ 01.10.2018 ൽ കോടതി പുറപ്പെടുവിച്ച വിധിയിലെ നിർദ്ദേശത്തെത്തുടർന്ന് സർക്കാർ പരാതിക്കാരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ബഹു. പഞ്ചായത്ത് ഡയറക്ടറുടെ E.5- 38675-ാം നമ്പർ ഉത്തരവ് പരിഗണിച്ചും സർക്കാർ ഉത്തരവ് (സാധാ) 140/2020/തസ്വഭവ., തീയതി 16.01.2020 പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ നോഷണൽ പ്രമോഷൻ നല്കിയ കാലയളവ് സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കില്ല എന്നുള്ള ബഹു. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (അച്ചടി) 7/2016/ധന., തീയതി. 26.1.2016 പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രമോഷൻ തീയതികൾ പുന:ക്രമീകരിച്ചവരുടെ ശമ്പളം പ്രസ്തുത തീയതി മുതൽ യഥാർത്ഥത്തിൽ ഉദ്യോഗക്കയറ്റം സ്വീകരിച്ച തീയതി വരെയുള്ള കാലയളവിൽ നോഷണലായി നിർണ്ണയിക്കുന്നതിനും പ്രസ്തുത നോഷണൽ പ്രമോഷന്റെ സാമ്പത്തിക ആനുകൂല്യവും തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും സീനിയർ ക്ലാർക്ക് തസ്തികയിൽ യഥാർത്ഥത്തിൽ പ്രമോഷൻ ലഭിച്ച തീയതി മുതൽ ചട്ടപ്രകാരം അനുവദിച്ചുകൊണ്ടുമാണ് ബഹു. പഞ്ചായത്ത് ഡയറക്ടർ PAN/25192/2018-E9(DP),15.2.2020 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്രകാരം ശമ്പള പുനർ നിർണ്ണയം നടത്തുമ്പോൾ സർക്കാർ ഉത്തരവ് (അച്ചടി) 7/2016/ധന., തീയതി. 26.1.2016 ന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച അടിസ്ഥാന ശമ്പളത്തിൽ മാറ്റം വരുന്നപക്ഷം ആയതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ

അംഗീകാരം ലഭ്യമാക്കണമെന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഈ ഉത്തരവിനനുസൃതമായി രാമങ്കരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം. സി. 4-422/21, തീയതി 01.02.2021 പ്രകാരം ശ്രീ. അജയൻ പി.എസ്., സീനിയർ ക്ലാർക്കിന് ശമ്പള കുടിശിക അനവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സെക്രട്ടറിയുടെ ഈ ഉത്തരവിൽ യഥാർത്ഥത്തിൽ പ്രമോഷൻ ലഭിച്ച തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് നോഷണലായി പ്രമോഷൻ ലഭിച്ച തീയതി തന്നെയാണ്. ആയത് പ്രകാരം പ്രമോഷന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുകയുമാണ് ചെയ്തിരിക്കുന്നത്. നല്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കുടിശ്ശിക അധികം നല്കിയ കാലയളവ് | കുടിശ്ശിക തുക |
|---|---|
| 29.10.14 മുതൽ 31.10.2014 വരെ | 264 |
| നവംബർ 2014 | 3550 |
| ഡിസംബർ 2014 | 3550 |
| ജനുവരി 2015 | 3657 |
| ഫെബ്രുവരി 2015 | 3657 |
| മാർച്ച് 2015 | 3657 |
| ഏപ്രിൽ 2015 | 3657 |
| ലീവ് സറണ്ടർ - എപ്രിൽ 2015 | 3657 |
| മെയ് 2015 | 3657 |
| ജൂൺ 2015 | 3657 |
| ആകെ | 32963 |

സെക്രട്ടറിയുടെ മേൽ ഉത്തരവനുസരിച്ച് 29.10.2014 ൽ സീനിയർ ക്ലർക്ക് തസ്തികയിൽ ടിയാളുടെ ശമ്പളം പുനർ നിർണ്ണയിക്കുകയും തുടർന്നുള്ള ഇൻക്രിമെന്റ് തീയതികളായി 01.10.2015, 01.10.2016 എന്നിങ്ങനെ നിർണ്ണയി ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക സ്റ്റേറ്റ്മെന്റ് പ്രകാരം ശമ്പള വർദ്ധനവ് വന്നിട്ടുള്ളത് 01.07.2015, 01.10.2016 എന്നിങ്ങനെയാണ്. ആയതിനാൽ ഓരോ വർഷവും അർഹമായതിലും മൂന്നു മാസം മുമ്പ് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുവാനിടയായി. ഇപ്രകാരം ലഭിച്ച തുകയുടെ വിശദവിവരം

| കാലയളവ് | ലഭിച്ച അടിസ്ഥാന ശമ്പളം | ഡി.എ. | എച്ച്.ആർ. എ. കൂടുതൽ | ലഭിക്കേണ്ട അടിസ്ഥാന ശമ്പളം | ഡി.എ. | പ്രതിമാസം കൂടുതൽ കൈപ്പറ്റിയത് | ആകെ കൂടുതൽ |
|---|---|---|---|---|---|---|---|
| 01.07.2015 – 30.9.2015 | 25850 | 1551 | 0 | 25200 | 1512 | 650 + 39 = 689 | 689x3= 2067 |
| 01.07.2016 – 30.9.2016 | 26500 | 3180 | 0 | 25850 | 3102 | 650 +78 =728 | 728x3= 2184 |

| | | | | | | | |
|---|---|---|---|---|---|---|---|
| 01.07.2017 – 30.7.2017 | 27150 | 4073 | 0 | 26500 | 3975 | 650+ 98 =748 | 748X1= 748 |
| 01.08.2017 – 30.9.2017 | 27150 | 4073 | 250 | 26500 | 3975 | 650+98+250=998 | 998X2= 1996 |
| 01.07.2018 – 30.9.2018 | 27800 | 4170 | 0 | 27150 | 4073 | 650+98=748 | 748X3= 2224 |
| 01.07.2019 – 30.9.2019 | 28500 | 5700 | 0 | 27800 | 5560 | 700+140=840 | 840X3= 2520 |
| 01.07.2020 – 30.9.2020 | 29200 | 5840 | 0 | 28500 | 5700 | 700+140=840 | 840X3= 2520 |
| ആകെ | | | | | | | 14259/- |

നോഷണൽ പ്രമോഷൻ കാലയളവിലെയും വാർഷിക വർദ്ധനവ് തെറ്റായി നല്കിയ കാലയളവിലെയും തുകയായ 47222/- (32963 + 14259) രൂപ തിരികെ ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) സാമ്പത്തിക ആനുകൂല്യം നല്കിയിട്ടുള്ളത് പരിശോധിച്ച് അധികം തുക നല്കിയിട്ടുള്ളപക്ഷം തുക തിരികെ അടവാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ശമ്പള നിർണ്ണയങ്ങൾക്ക് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടി സേവനപുസ്തകത്തിൽ ആവശ്യമായ തിരുത്തലുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-2 ഡാറ്റാ എൻട്രി നടത്തിയതിന് അധികം തുക നല്കി- തുക തിരികെ ഈടാക്കേണ്ടതാണ്

വൗച്ചർ നം. 22000925/20.3.21 തുക - 6600/- ചെക്ക് നം. 23586

ഡാറ്റാ എൻട്രി നടത്തിയതിന് ശ്രീമതി. സന്ധ്യ പി.എസ്. ന് 2021 ജനവരി 30,31, ഫെബ്രുവരി 1 മുതൽ 5 വരെ 740/- രൂപ നിരക്കിൽ ആകെ 7 ദിവസത്തേയ്ക്കാണ് വേതനം നല്കേണ്ടത്. മസ്റ്റർ റോൾ പ്രകാരവും ടിയാരിയുടെ അപേക്ഷയിലും 7 ദിവസത്തെ വേതനമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ മേൽ വൗച്ചർ പ്രകാരവും ചെക്ക് പ്രകാരവും 6600/-രൂപയാണ് ടിയാരിക്ക് നല്കിയിരിക്കുന്നത്. 1420/- രൂപ അധികം (6600-5180 (740x7)) നല്കിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.14) നല്കിയതിന് അധികം നല്കിയ തുക ടിയാരിയിൽ നിന്നും ഈടാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 അനർഹയായ ഗുണഭോക്താവിന് ധനസഹായം നല്കി

വീട് വാസയോഗ്യമാക്കൽ- എസ്.സി,

അടങ്കൽ- 1,50,000,

ചെലവ് -1,50,000,

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ രാമങ്കരി

വീട് വാസയോഗ്യമാക്കൽ പ്രോജക്റ്റിന്റെ ഭാഗമായി, അനിത മനീഷ് കുമാർ, മാവേലിക്കളം കോളനി നമ്പർ-5, രാമങ്കരി എന്നയാൾക്ക് 37,500/- രൂപ ബിൽ നം.141/11.01.21 പ്രകാരവും, 37,500/- രൂപ ബിൽ നം.202/01.03.21 പ്രകാരവും

നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ വസ്തു നികുതി രേഖകൾ പ്രകാരം 2015 ആദ്യ പകുതിയിൽ പുതിയ വീടായിട്ടാണ് ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത്, സർക്കാർ ഉത്തരവ് (കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 -6.7(6) പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞതിന ശേഷമാണ് ധനസഹായത്തിന് അർഹത. ആയതിനാൽ ഈ ഗുണഭോക്താവിന് ധനസഹായത്തിന് അർഹതയില്ല. അസിസ്റ്റന്റ് സെക്രട്ടറി വീടിന് 15 വർഷം പഴക്കമുണ്ടെന്ന് നല്കിയ തെറ്റായ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വി.ഇ.ഒ ധനസഹായം നല്കിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വീട് വെള്ളപ്പൊക്കത്തിൽ നശിച്ചു കൊണ്ടാണ് ധനസഹായം നല്കിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 75,000/- രൂപ ഗുണഭോക്താവിൽ നിന്നോ നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറി ജെസ്സി വർഗ്ഗീസിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 GST ഈടാക്കിയതിൽ കുറവ്

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത അമ്പലം മുതൽ വഞ്ചിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച്-1 പ്രവൃത്തിയിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. ശ്രീനാഥിന് സാധന വിലയിനത്തിൽ 302332/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചപ്പോൾ CGST Act 2017 ലെ വകുപ്പ് 51 (1), SGST Act 2017 ലെ വകുപ്പ് 51(1) എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇതനുസരിച്ച് 6046/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ 120020100475/04-09-20 രസീത് പ്രകാരം 1046/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുറവ് 5000/-. കുറവു വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/---01-22) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-5 കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് കരാർ പ്രകാരം സാധന സാമഗ്രികൾ സപ്ലൈ ചെയ്തവർക്ക് തുക അനുവദിച്ചപ്പേൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | അമ്പലം പാലം മുതൽ PHC വരെ റോഡ് കോൺക്രീറ്റിംഗ് | വർഗ്ഗീസ് | 407043 | 4070 | 05-02-21 |
| 2 | അമ്പലം പാലം മുതൽ PHC വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് -2 | വർഗ്ഗീസ് | 375732 | 3757 | 24-11-20 |
| 3 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം 2 | സിജു . വി | 267233 | 2672 | 26-02-21 |
| 4 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ | സിജു. വി | 403110 | 4031 | 16-10-20 |

| | | | | | |
|---|---|---|---|---|---|
| | പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം-1 | | | | |
| 5 | അമ്പലം മുതൽ വഞ്ഞിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 | ശ്രീനാഥ് പി.വി | 216555 | 2166 | 18-07-20 |
| 6 | അമ്പലം മുതൽ വഞ്ഞിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 1 | ശ്രീനാഥ് പി.വി | 302332 | 3023 | 18-07-20 |
| | ആകെ | | | 19719 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/---01-22) ആദായ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും തുടർന്നുള്ള പ്രവൃത്തികളിൽ ആദായ നികുതി ഈടാക്കണമെന്ന വ്യവസ്ഥ പാലിച്ചു കൊള്ളാമെന്നുമാണ് അറിയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ ഗ്രാവൽ ഫില്ലിംഗ് നടത്തിയതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ടി അളവിന് 1000/- രൂപ നിരക്കിൽ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | അളവു പുസ്തകം | ഗ്രാവൽ ഫില്ലിംഗ് നടത്തിയതിനുള്ള ടേപ്പ് മെഷർമെന്റിലെ അളവ് | കുറവു ചെയ്യേണ്ടിയിരുന്ന അളവ് (10%) | അധികം നൽകിയ തുക | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം 2 | സിജു. വി | 112/20-21 | 59.874 M3 | 5.9874 M3 | 5.9874 @1000= 5987 | 26-02-21 |
| 2 | അമ്പലം മുതൽ വഞ്ഞിപ്പുഴ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് - 2 | ശ്രീനാഥ്.പി.വി | 21/21-22 | 60.229 M2 | 6.0229 M3 | 6.0229 @1000 = 6023 | 18-07-20 |
| 3 | മണലാടി സെന്റ് മേരീസ് ചർച്ച് മുതൽ പുറവടിക്കളം ജോർജ്ജുകുട്ടിയുടെ വീടു വരെ റോഡ് കോൺക്രീറ്റിംഗ് ഘട്ടം-1 | സിജു .വി | 111/20-21 | 93.855m3 | 9.3855m3 | 9.3885 @ 1000 = 9389 | 16-10-20 |
| | ആകെ | | | | | 21399 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/---01-22) 10% കിഴിവ് ചെയ്യണമെന്ന വ്യവസ്ഥ അറിയില്ലായിരുന്നുവെന്നും എന്നും തുടർന്നുള്ള പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്നുമാണ്

അറിയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞവിധം അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000 | ലൈഫ് ഭവനം | 400000 | 0 |
| | | 225000 | ലൈഫ് ഭവനം SC | 225000 | 0 |
| | | 100000 | അംഗൻ വാടി പൂരകപോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| | | 100000 | പാലളവിന് സബ്സിഡി | 100000 | 0 |
| | | 60000 | 60 വയസിന് മുകളിലുള്ളവർക്ക് കട്ടിൽ | 60000 | 0 |
| | | 152295 | അംഗൻവാടി പൂരകപോഷകാഹാരം | 152295 | 0 |
| | | 100000 | അഗതി രഹിത കേരളം | 100000 | 0 |
| | | 100000 | പാലിയേറ്റീവ് | 100000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | മംഗലശ്ശേരിചിറ – ചമ്പടി പാലം പൈപ്പ് ലൈൻ | 17/10-11-20 | 300000 | --- | 300000 |
| | കാഞ്ഞിക്കൽ പാലം - കാഞ്ഞിക്കൽ ചിറപൈപ്പ് ലൈൻ | 23/10-11-20 | 200000 | 0 | 200000 |
| | ചെറുകര – NSS കരയോഗം | 21/10-11-20 | 330000 | 0 | 330000 |
| KSEB | പോസ്റ്റ് മാറ്റൽ (S0202/21) | ഉത്തരവ് നം 235/24-03-21 | 87999 | 0 | 87999 |
| | തെരുവ് വിളക്ക് സ്ഥാപിക്കൽ | 4/5-05-20 | 590000 | 0 | 590000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം | ലഭ്യമാക്കിയില്ല | 4272353 | 4272353 | 571020 | 0 | 3701333 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| സബ് ട്രഷറി , മങ്കൊമ്പ് | 1000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം. | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2(5) | 2016-17 | 2-2 | തൊഴിൽ നികുതി സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി മറുപടി സമർപ്പിച്ചു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 47995949 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46305215 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 123642 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1557999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 47222 | സജി. വി.എം, സെക്രട്ടറി |
| 3-2 | | 1420 | സജി. വി.എം, സെക്രട്ടറി |
| 3-3 | | 75000 | ജെസി വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 123642 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 1-21 | 1557999 | സജി. വി.എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 5000 |
| 3-5 | 19719 |
| 3-6 | 21399 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജി. വി.എം, സെക്രട്ടറി | സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്ത് (അവധിയിൽ) | വലിയപറമ്പിൽ, പുന്നപ്ര പി.ഒ, ആലപ്പുഴ |
| ജെസി വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്ത് | ചേന്നാട്ടുശ്ശേരി, രാമങ്കരി പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95, 1995-96 | എൽ.എഫ്.എ.10/937/97/30.05.1999 |
| 1999-00 | എൽ.എഫ്.എ.14/982/01/22.10.2001 |
| 2006-07, 2007-08, 2008-09 2009-10 | എൽ.എഫ്.ജിഎ.5/1578/13/21-05-2014 436727 |
| 2010-11 | എൽഎഫ്.പി10/1294/12/19-11-2012/12.12.2012 |
| 2011-12, 2012-13 | എൽഎഫ്.പി10/190/14/25-04-2014/15.07.2014 |

| | |
|---|---|
| 2013-14 | കെ.എസ്.എ/എഎൽപി/പി-10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ/എഎൽപി/പി-10-641/16/09.06.2016/ 25.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി-10-45/17 തീയതി 23.01.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി-10-667/17 തീയതി. 08.06.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി-10-318/19 തീയതി.06.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി-10-199/2020 തീയതി.29.05.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി9-348/2021 തീയതി.31.03.2021 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്